
10-ാം പതിപ്പ്

ജവഹർലാൽ നെഹ്റു



# ഇന്ത്യയെ കണ്ടെത്തൽ

THE DISCOVERY OF INDIA

മാതൃഭൂമി നെഹ്റു ക്ലാസിക്സ്

“സുമധുരമൂകചിന്തയുടെ സമ്മേളനങ്ങളിലേക്ക്
ഞാൻ അതീതകാല സ്മരണകളെ നിമന്ത്രിക്കുമ്പോൾ”

# ഉള്ളടക്കം


മുഖവുര -11

വിവർത്തകക്കുറിപ്പ് -13

അധ്യായം ഒന്ന്: അഹമ്മദ്നഗർ കോട്ട -15

- ഇരുപതു മാസം -15
- വറുതി -16
- ഡെമോക്രസിക്കുവേണ്ടിയുള്ള യുദ്ധം -18
- ജയിലിൽ കാലസ്വഭാവം: പ്രവൃത്തിക്കുള്ള പ്രചോദനം -21
- വർത്തമാനത്തോടു ബന്ധപ്പെട്ട ഭൂതകാലം -24
- ജീവിത തത്ത്വശാസ്ത്രം -26
- ഭൂതകാലത്തിന്റെ ഭാരം -37

അധ്യായം രണ്ട്: ബാഡൻവീലർ: ലോസാൻ -42

- കമല -42
- ഞങ്ങളുടെ വിവാഹവും അതിന്നുശേഷവും -44
- മനുഷ്യബന്ധങ്ങളുടെ കാര്യം -47
- 1935-ലെ ക്രിസ്മസ് -48
- മരണം -49
- മുസ്സോളിനി; മടക്കം -51

അധ്യായം മൂന്ന്: അന്വേഷണം -54

- പ്രാചീനഭാരതത്തിന്റെ സമഗ്രദൃശ്യം -54
- ദേശീയതയും അന്തർദേശീയതയും -58
- ഇന്ത്യയുടെ ശക്തിയും അശക്തിയും -59
- ഭാരതാന്വേഷണം -64
- ഭാരതമാതാ -67
- ഇന്ത്യയുടെ നാനാത്വവും ഏകത്വവും -68
- ഇന്ത്യയിലൂടെയുള്ള യാത്ര -71
- പൊതുതിരഞ്ഞെടുപ്പുകൾ -73
- ജനാവലിയുടെ സംസ്കാരം -76
- രണ്ട് ജീവിതങ്ങൾ -77

അധ്യായം നാല്: ഭാരതാവിഷ്കാരം -78

- സിന്ധുതട പരിഷ്കാരം -78
- ആര്യന്മാരുടെ ആഗമനം -82
- ഹിന്ദുമതം എന്നുവെച്ചാൽ-? -83
- ഏറ്റവും ആദ്യകാലത്തെ രേഖകൾ: വേദവും പുരാണങ്ങളും -87
- വേദങ്ങൾ -89

ജീവിതത്തിന്റെ അംഗീകാരവും നിഷേധവും -91
സമന്വയവും വിട്ടുവീഴ്ചയും: വർണവ്യവസ്ഥയുടെ ആരംഭം -96
ഇന്ത്യൻസംസ്കാരത്തിന്റെ അനുസ്യൂതത്വം -99
ഉപനിഷത്തുക്കൾ -101
വ്യക്തിപ്രധാനമായ തത്ത്വചിന്തയുടെ ഗുണദോഷങ്ങൾ -106
ഭൗതികവാദം -110
ഇതിഹാസങ്ങളും ചരിത്രവും: പാരമ്പര്യവും പുരാവൃത്തവും -113
മഹാഭാരതം -121
ഭഗവദ്ഗീത -124
പുരാതനേന്ത്യയിലെ ജീവിതവും പ്രവർത്തനവും -126
മഹാവീരനും ബുദ്ധനും: ജാതി -136
ചന്ദ്രഗുപ്തനും ചാണക്യനും: മൗര്യസാമ്രാജ്യസ്ഥാപനം -139
സ്റ്റേറ്റിന്റെ ഘടന -142
ബുദ്ധന്റെ ഉപദേശം -145
ബുദ്ധകഥ -148
അശോകൻ -150

അധ്യായം അഞ്ച്: യുഗാന്തരങ്ങളിലൂടെ -155

ഗുപ്തന്മാരുടെ കീഴിൽ ദേശീയത്വവും സാമ്രാജ്യത്വവും -155
തെക്കേ ഇന്ത്യ -159
സമാധാനപരമായ വളർച്ചയും സമരരീതികളും -159
ഇന്ത്യയുടെ സ്വാതന്ത്ര്യദാഹം -161
പുരോഗതിയോ ഭദ്രതയോ -162
ഇന്ത്യയും ഇറാനും -166
ഇന്ത്യയും ഗ്രീസും -171
പുരാതനേന്ത്യൻ നാടകശാല -179
സംസ്കൃതത്തിന്റെ ചൈതന്യവും സ്ഥിരതയും -188
ബൗദ്ധതത്ത്വശാസ്ത്രം -194
ഹിന്ദുമതത്തിൽ ബുദ്ധമതം വരുത്തിത്തീർത്ത ഫലം -199
ഇന്ത്യയിൽ ഹിന്ദുമതം ബുദ്ധമതത്തെ ഉൾക്കൊണ്ടതെങ്ങനെ? -204
ഇന്ത്യൻ തത്ത്വശാസ്ത്ര സമ്പ്രദായം -207
ഷഡ്ദർശനങ്ങൾ -210
ഇന്ത്യയും ചീനയും -221
തെക്കുകിഴക്കേ ഏഷ്യയിൽ ഇന്ത്യൻ കോളനികളും സംസ്കാരവും -229
വിദേശങ്ങളിൽ ഇന്ത്യൻ കലയുടെ സ്വാധീനത -237
പുരാതനേന്ത്യൻകല -241
ഇന്ത്യയുടെ വിദേശവാണിജ്യം -247
പുരാതനേന്ത്യയിലെ ഗണിതശാസ്ത്രം -249
വൃദ്ധിക്ഷയങ്ങൾ -255

അധ്യായം ആറ്: പുതിയ പ്രശ്നങ്ങൾ -262

അറബികളും മങ്കോളുകളും -262
അറബിസംസ്കാരത്തിന്റെ വികാസവും
ഇന്ത്യയുമായുള്ള സമ്പർക്കങ്ങളും -267





ഘസ്നിയിലെ മഹമൂദും അഫ്ഘാന്മാരും -270
ഇന്തോ-അഫ്ഘാന്മാർ: തെക്കേ ഇന്ത്യ: വിജയനഗർ:
ബാബർ: സമുദ്രശക്തി -274
സമവായവും സങ്കരസംസ്കാരത്തിന്റെ വളർച്ചയും: -279
പർദ്ദ: കബീർ: ഗുരുനാനാക്: അമീർഖുസ്രോ
ഇന്ത്യൻ സമുദായഘടന: സമൂഹത്തിന്റെ പ്രാധാന്യം -284
ഗ്രാമസ്വയംഭരണം: ശുക്രനീതിസാരം -287
ജാതിയുടെ തത്ത്വവും പ്രയോഗവും: കൂട്ടുകുടുംബം -289
ബാബറും അക്ബറും: ഭാരതീയീകരണപ്രക്രിയ -297
യാന്ത്രിക പുരോഗതിയുടെയും സർഗചൈതന്യത്തിന്റെയും
കാര്യത്തിൽ ഏഷ്യയും യൂറോപ്പും തമ്മിലുള്ള വൈജാത്യം -301
ഒരു പൊതുസംസ്കാരത്തിന്റെ വളർച്ച -306
ഔറംഗസെബ് കാലഗതി പുറകോട്ടാക്കാൻ നോക്കുന്നു:
ഹിന്ദുദേശീയത്വത്തിന്റെ വളർച്ച: ശിവജി -313
മഹാരാഷ്ട്രരും ബ്രിട്ടീഷുകാരും തമ്മിൽ ആധിപത്യമത്സരം:
ബ്രിട്ടീഷുകാരുടെ വിജയം -316
സംഘടനയിലും സാങ്കേതികമാർഗങ്ങളിലും ഇന്ത്യയുടെ
അധഃസ്ഥിതിയും ഇംഗ്ലീഷുകാരുടെ മികവും -320
രഞ്ജിത്സിങ്ങും ജയ്സിങ്ങും -326
ഇന്ത്യയുടെ സാമ്പത്തികപശ്ചാത്തലം: രണ്ട് ഇംഗ്ലണ്ടുകൾ -329

അധ്യായം ഏഴ്: അന്ത്യദൃശ്യം: ബ്രിട്ടീഷ്ഭരണത്തിന്റെ
സംയോജനവും ദേശീയപ്രസ്ഥാനത്തിന്റെ ഉദയവും -335

സാമ്രാജ്യത്വത്തിന്റെ പ്രത്യയശാസ്ത്രം: പുതിയ ജാതി -335
ബെങ്കാൾക്കൊള്ള ഇംഗ്ലണ്ടിൽ വ്യവസായവിപ്ലവത്തെ സഹായിക്കുന്നു -343
ഇന്ത്യൻ വ്യവസായങ്ങളുടെ നാശവും കൃഷിയുടെ അധോഗതിയും -346
ഇന്ത്യ ഇദംപ്രഥമമായി മറ്റൊരു രാജ്യത്തിന്റെ ഉപാംഗമായിത്തീരുന്നു -351
ഇന്ത്യൻ നാട്ടുരാജ്യവ്യവസ്ഥയുടെ വളർച്ച -356
ഇന്ത്യയിൽ ബ്രിട്ടീഷ്ഭരണത്തിന്റെ പൊരുത്തക്കേടുകൾ;
റാം മോഹൻറായ്; പത്രലോകം: സർ വില്യം ജോൺസ്:
ബംഗാളിലെ ഇംഗ്ലീഷ് വിദ്യാഭ്യാസം -363
1857-ലെ മഹാപ്രക്ഷോഭം; വംശോൽക്കർഷവാദം -375
ബ്രിട്ടീഷ്ഭരണത്തിന്റെ സമ്പ്രദായം: സമബലവും എതിർബലവും -381
വ്യവസായത്തിന്റെ വളർച്ച: സാംസ്ഥാനിക വ്യത്യാസങ്ങൾ -385
ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും ഇടയിലെ പരിഷ്കാരാത്മകവും
മറ്റുമായ പ്രസ്ഥാനങ്ങൾ -390
കെമാൽപാഷ: ഏഷ്യയിൽ ദേശീയത്വം: ഇക്ബാൽ -409
കനത്ത വ്യവസായം തുടങ്ങുന്നു: തിലകനും ഗോഖലെയും:
വേറെ വേറെ നിയോജകഗണങ്ങൾ -412

അധ്യായം എട്ട്: അന്ത്യരംഗം (2) ദേശീയത്വമോ സാമ്രാജ്യത്വമോ -416

മധ്യകക്ഷികളുടെ നിസ്സഹായത: ഗാന്ധി വരുന്നു -416
ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് ഒരു ചൈതന്യവത്തായ
സംഘടനയായിത്തീരുന്നു -421

സംസ്ഥാനങ്ങളിലെ കോൺഗ്രസ്സ് ഗവൺമെണ്ടുകൾ -427
ഇന്ത്യൻ ഉത്തേജനവും ഇന്ത്യയിലെ ബ്രിട്ടീഷ്
യാഥാസ്ഥിതികത്വവും തമ്മിൽ -434
ന്യൂനപക്ഷപ്രശ്നം: മുസ്‌ലിംലീഗ്: മി. എം.എ.ജിന്ന -445
നാഷണൽ പ്ലാനിങ്ങ് കമ്മിറ്റി -462
കോൺഗ്രസ്സും വ്യവസായവും: വൻവ്യവസായമോ
കുടിൽവ്യവസായമോ? -472
വ്യവസായവളർച്ചയെ ഗവർമെണ്ട് തടയുന്നു; യുദ്ധകാലോല്പാദനം
സാമാന്യോല്പാദനത്തിൽ നിന്നുള്ള വ്യതിയാനമാകുന്നു -481

അധ്യായം ഒമ്പത്: അവസാനരംഗം (3): രണ്ടാംലോക യുദ്ധം -488

കോൺഗ്രസ്സിന്നൊരു വിദേശകാര്യനയം ഉണ്ടായിവരുന്നു -488
യുദ്ധത്തെ സംബന്ധിച്ച് കോൺഗ്രസ്സിന്റെ ഉപക്രമം -495
യുദ്ധത്തിന്റെ നേരെയുള്ള പ്രതികരണം -500
മറ്റൊരു കോൺഗ്രസ്സ് നിർദേശവും ബ്രിട്ടീഷ് ഗവർമെണ്ട്
അതിനെ നിരസിക്കലും: മി. വിൻസ്റ്റൺ ചർച്ചിൽ -506
വ്യക്തിഗതമായ സിവിലാജ്ഞാലംഘനം -515
പേൾഹാർബറിന്നുശേഷം: ഗാന്ധിയും അഹിംസയും -518
ഉദ്വേഗം -526
സർ സ്റ്റാഫോർഡ് ക്രിപ്സ് ഇന്ത്യയിൽ വരുന്നു -532
വ്യർത്ഥതാബോധം -545
വെല്ലുവിളി-'ക്വിറ്റിന്ത്യാ'പ്രമേയം -550

അധ്യായം പത്ത്: അഹമ്മദ്നഗർകോട്ട വീണ്ടും -563

സംഭവശൃംഖല -563
രണ്ടു പശ്ചാത്തലങ്ങൾ: ഇന്ത്യനും ബ്രിട്ടീഷും -564
ബഹുജനപ്രക്ഷോഭങ്ങളും അവയെ അടിച്ചമർത്തലും -569
വിദേശങ്ങളിലെ പ്രത്യാഘാതം -577
ഇന്ത്യയിലെ പ്രത്യാഘാതങ്ങൾ -579
ഇന്ത്യയുടെ ദീനം: ക്ഷാമം -582
ഇന്ത്യയുടെ ചൈതന്യവത്തായ ശേഷി -587
ഇന്ത്യയുടെ വളർച്ച മുട്ടുന്നു -594
മതവും ദർശനവും ശാസ്ത്രവും -598
ദേശീയാശയത്തിന്റെ പ്രാധാന്യം; ഇന്ത്യയിൽ ആവശ്യമായ മാറ്റങ്ങൾ -606
ഇന്ത്യ-വിഭജനമോ പ്രബലമായ ദേശീയരാഷ്ട്രീയമോ
അതോ ദേശീയാതീതരാഷ്ട്രത്തിന്റെ കേന്ദ്രമോ? -616
യാഥാർഥ്യവാദവും ആഗോളരാജ്യതന്ത്രവും: ലോകവിജയമോ
ലോകൈക്യമോ: യു.എസ്.എയും യു.എസ്.എസ്.ആറും -632
സ്വാതന്ത്ര്യവും സാമ്രാജ്യവും -646
ജനസംഖ്യാപ്രശ്നം: കുറഞ്ഞുവരുന്ന ജനനനിരക്കും
ദേശീയമായ ക്ഷയവും -650
ഒരു പഴയ പ്രശ്നത്തോടുള്ള ആധുനികോപക്രമം -657
ഉപസംഹാരം -663
പരിശിഷ്ടം -670

# മുഖവുര

1944 ഏപ്രിൽ മുതൽ സപ്തംബർ വരെ അഞ്ചു മാസക്കാലംകൊണ്ട് അഹമ്മദ്നഗർകോട്ട ജയിലിൽവെച്ചാണ് ഈ പുസ്തകം എഴുതിയത്. ജയിലിൽ എന്റെ സഹപ്രവർത്തകന്മാരിൽ ചിലർക്ക് കൈയെഴുത്തുപ്രതി വായിക്കുവാനും വിലപ്പെട്ട അനേകം സൂചനകൾ നൽകുവാനും ദയയുണ്ടായി. ജയിലിൽവെച്ച് പുസ്തകം സംശോധിക്കാൻ ഞാൻ ഈ സൂചനകളെ ഉപയോഗപ്പെടുത്തുകയും ചിലതൊക്കെ കൂട്ടിച്ചേർക്കുകയും ചെയ്തു. ആരുംതന്നെ ഞാൻ എഴുതിയിട്ടുള്ളതിന് ഉത്തരവാദിത്വം വഹിക്കുന്നില്ലെന്നും, അതിനോടു യോജിച്ചേ കഴിയൂ എന്നില്ലെന്നും എടുത്തുപറയേണ്ടതില്ലല്ലോ. എന്നാൽ, അഹമ്മദ്നഗർ കോട്ടയിലെ എന്റെ സഹതടവുകാരോട്, ഞങ്ങൾ നടത്തിയ അസംഖ്യം സംഭാഷണങ്ങളെയും ചർച്ചകളെയും മുൻനിർത്തി ഞാൻ എന്റെ അഗാധമായ കൃതജ്ഞത പ്രകാശിപ്പിക്കേണ്ടതുണ്ട്. അവ ഇന്ത്യാചരിത്രത്തിന്റെയും ഇന്ത്യൻ സംസ്കാരത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ച് എന്റെ സ്വന്തം മനസ്സിനെ അകലുഷമാക്കിത്തീർക്കാൻ എന്നെ ഒട്ടേറെ സഹായിച്ചിട്ടുണ്ട്. സ്വല്പകാലത്തേക്കാകയാൽക്കൂടി ജയിൽ സുഖകരമായ ഒരു വാസസ്ഥലമല്ല. നീണ്ട കൊല്ലങ്ങൾ വേണ്ടിവന്നാലത്തെ കഥ പിന്നെ പറയേണ്ടതില്ലല്ലോ. എന്നാൽ, മികച്ചുനിൽക്കുന്ന പ്രാപ്തിയോടും സംസ്കാരത്തോടും, തൽക്കാലത്തെ സംക്ഷോഭങ്ങൾ പോലും മറയ്ക്കാത്ത വിശാലവും മനുഷ്യത്വപൂർണവുമായ വീക്ഷാഗതിയോടുംകൂടിയ ആളുകളുമായി അടുത്ത സമ്പർക്കത്തിൽ ജീവിക്കുകയെന്നത് എനിക്കൊരു അനുഗ്രഹമായിരുന്നു.

അഹമ്മദ്നഗർകോട്ടയിലെ എന്റെ പതിനൊന്നു കൂട്ടുകാർ ഇന്ത്യയുടെ രസകരമായ ഒരു നടുമുറിയായിരുന്നു. താന്താങ്ങളുടെ വ്യത്യസ്ത രീതികളിൽ അവർ രാജ്യകാര്യങ്ങളുടെ മാത്രമല്ല, പഴയതും പുത്തനുമായ ഇന്ത്യൻപാണ്ഡിത്യത്തിന്റെയും ആധുനികേന്ത്യയുടെ നാനാവശങ്ങളുടെയും പ്രാതിനിധ്യം വഹിച്ചു, ജീവത്തായ ഏതാണ്ടെല്ലാ മുഖ്യഭാഷകൾക്കും അപ്പോലെതന്നെ പണ്ടും ഇന്നും ഇന്ത്യയുടെ മേൽ പ്രബലമായ സ്വാധീനത ചെലുത്തിയിട്ടുള്ള ഉത്കൃഷ്ടങ്ങളായ പ്രാചീനഭാഷകൾക്കും അവിടെ പ്രാതിനിധ്യം ലഭിച്ചു. മികച്ച പാണ്ഡിത്യത്തിന്റെ തോതാണ് ഏറിയകൂറും നിലവിലുണ്ടായിരുന്നതും. പ്രാചീനഭാഷകളുടെ കൂട്ടത്തിൽ സംസ്കൃതവും പാലിയുമുണ്ട്. അറബിയും പേർഷ്യനുമുണ്ട്; ആധുനികഭാഷകൾ ഹിന്ദി, ഉർദു, ബംഗാളി, ഗുജറാത്തി, മറാത്തി, തെലുങ്ക്, സിന്ധി, ഒറിയ എന്നിവയും. എനിക്കിഷ്ടംപോലെ കൈപ്പറ്റാവുന്നവയായി ഈ സമ്പത്ത് മുഴുവനുമുണ്ട്. അതിനെ അനുകൂലമായി ഉപയോഗപ്പെടുത്താനുള്ള എന്റെ കഴിവു മാത്രമാണ് ഒരു പരിമിതി. എന്റെ എല്ലാ കൂട്ടുകാരോടും ഞാൻ കൃതജ്ഞനാണെങ്കിലും, ആരുടെ വിശാലവൈദുഷി എന്നെ ഒരിക്കലും ഒഴിയാതെ ആനന്ദിപ്പിക്കുകയും പക്ഷേ, ചിലപ്പോൾ ഏറെക്കുറെ അമ്പരപ്പിച്ചുകളയുകകൂടിയും ചെയ്തുവോ, ആ മൗലാനാ അബുൽകലാം ആസാദിനെയും ഗോവിന്ദവല്ലഭപന്ത്, നരേന്ദ്രദേവ്,

# പരിശിഷ്ടം

*അലഹബാദ് : ഡിസംബർ ഇരുപത്തൊമ്പത്:*
*ആയിരത്തിത്തൊള്ളായിരത്തി നാല്പത്തഞ്ച്.*

അഹമ്മദ്നഗർ കോട്ടത്തടവുക്യാമ്പിൽ തടങ്ങലിൽ വെച്ചിരുന്ന കോൺഗ്രസ്സ് പ്രവർത്തക്കമ്മിറ്റിമെമ്പർമാരെ 1945 മാർച്ചിലും ഏപ്രിലിലുമായി പിരിച്ചു താന്താങ്ങളുടെ സംസ്ഥാനങ്ങളിലേയ്ക്കയച്ചു. ക്യാമ്പ് ജെയിൽ പിരിച്ചുവിട്ടു – അതു സൈനികാധികാരികൾക്കു തിരികെ ഏല്പിച്ചു എന്നാണ് വിചാരിക്കേണ്ടത്. ഞങ്ങൾ മൂന്നു പേർ – ഗോവിന്ദവല്ലഭ പന്തും നരേന്ദ്രദേവും ഞാനും – മാർച്ച് 28-നു അഹമ്മദ്നഗർകോട്ട വിട്ടു. ഞങ്ങളെ നയിനി സെൻട്രൽ ജെയിലിലേയ്ക്കു കൊണ്ടുവന്നു. അവിടെ ഞങ്ങൾ ഒട്ടേറെ പഴയ ചങ്ങാതിമാരെ കണ്ടുമുട്ടി. അക്കൂട്ടത്തിൽ റാഫി അഹമ്മദ് കിദ്വായിയുമുണ്ട്. 1942 ആഗസ്തിൽ ഞങ്ങളെ അറസ്റ്റ് ചെയ്തതിനുശേഷം ഇദംപ്രഥമമായി, 1942-ലെ ചില സംഭവങ്ങളെക്കുറിച്ചു ദൃക്സാക്ഷികളുടെ വിവരണം ലഭിക്കുവാൻ ഞങ്ങൾക്കൊരവസരം കൈവന്നു. നയിനി ജെയിലിലുള്ള പലരെയും ഞങ്ങളുടെ അറസ്റ്റിന്നുശേഷം കുറച്ചു കഴിഞ്ഞിട്ടാണ് അറസ്റ്റ് ചെയ്തിരുന്നത്. നയിനിയിൽനിന്നു ഞങ്ങൾ മുവരെയും ബരിലിക്കടുത്ത് ഇസ്സാത്നഗർ സെൻട്രൽ ജെയിലിലേയ്ക്കു കൊണ്ടുപോയി. അനാരോഗ്യം നിമിത്തം ഗോവിന്ദവല്ലഭപന്തിനെ വിട്ടയച്ചു. നരേന്ദ്രദേവും ഞാനും ഈ ജെയിലിലെ ഒരു ബാരക്കിൽ രണ്ടുമാസത്തിലധികം കാലം ഒന്നിച്ചു താമസിച്ചു. ജൂൺ ആദ്യത്തിൽ ഞങ്ങളെ, പത്തുകൊല്ലം മുമ്പ് എനിക്കത്ര അടുത്തു പരിചയപ്പെട്ട, അൽമോറയിലെ പർവതകാരാഗൃഹത്തിലേയ്ക്കു മാറ്റി. ജൂൺ 15-ന് 1942 ആഗസ്റ്റിൽ ഞങ്ങളെ അറസ്റ്റ് ചെയ്തതിനുശേഷം 1,041 ദിവസം കഴിഞ്ഞു, ഞങ്ങളെ രണ്ടുപേരേയും വിട്ടയച്ചു. എന്റെ ഏറ്റവും നീണ്ടതും ഒമ്പതാമത്തേതുമായ കാരാഗൃഹവാസക്കാലം അങ്ങനെ അവസാനിച്ചു.

അതിന്നുശേഷം ഇപ്പോൾ ആറരമാസം കടന്നുപോയി. ജയിലിന്റെ നെടിയ ഏകാന്തതയിൽനിന്ന് ആൾക്കൂട്ടങ്ങളിലേയ്ക്കും ഉല്ക്കടമായ കർമ്മവ്യഗ്രതയിലേയ്ക്കും നിരന്തരയാത്രയിലേയ്ക്കുമാണ് ഞാൻ വന്നെത്തിയത്. ഒരൊറ്റ രാത്രിയേ ഞാൻ വീട്ടിൽ കഴിച്ചുള്ളു. അവിടെനിന്നു കോൺഗ്രസ്സ് പ്രവർത്തകക്കമ്മിറ്റിയുടെ ഒരു യോഗത്തിൽ സംബന്ധിക്കാൻ ബോംബെയിലേയ്ക്കു ബദ്ധപ്പെട്ടുപോയി. പിന്നെ വൈസ്രോയി വിളിച്ചുകൂട്ടിയ സിംലാസമ്മേളനത്തിലേക്കും. പുത്തനും മാറിക്കൊണ്ടിരിക്കുന്നതുമായ പരിസരങ്ങളോട് എന്നെത്തന്നെ ഇണക്കിനിർത്തുക എനിക്കല്പം വിഷമമായിത്തോന്നി; അതിൽ എനിക്ക് എളുപ്പം പൊരുത്തപ്പെടാനും കഴിഞ്ഞില്ല. എല്ലാംതന്നെ സുപരിചിതമായിരുന്നുവെങ്കിലും പഴയ സുഹൃത്തുക്കളെയും സഹപ്രവർത്തകരെയും കണ്ടുമുട്ടുക നല്ലതുതന്നെയെങ്കിലും, ഒട്ടൊരു അപരിചിതന്റെയും അന്യന്റെയും ബോധമാണെനിക്കുണ്ടായത്; എന്റെ മനസ്സ് പർവതങ്ങളിലേയ്ക്കും ഹിമാവൃത ശിഖരങ്ങളിലേയ്ക്കും പാഞ്ഞു നടക്കുകയായി. സിംലാകാര്യം തീർന്ന ഉടനെ ഞാൻ കാശ്മീരിലേയ്ക്കു കുതിച്ചു. ഞാനിങ്ങു താഴ്വാരത്തിൽ തങ്ങിനിന്നില്ല, ഉടനെത്തന്നെ എന്നു പറയാം, ഉന്നതസ്ഥാനങ്ങളിലേയ്ക്കും ചുരങ്ങളിലേയ്ക്കും പര്യടനം തുടങ്ങുകയായി. ഒരു മാസം ഞാൻ കാശ്മീരിലുണ്ടായിരുന്നു. പിന്നെ ഞാൻ വീണ്ടും ആൾക്കൂട്ടങ്ങളിലേയ്ക്കും ദൈനംദിന ജീവിതത്തിന്റെ ക്ഷോഭസംകുലതകളിലേയ്ക്കും മുഷിപ്പത്തങ്ങളിലേയ്ക്കും തിരികെ വന്നു.



ക്രമേണ എന്റെ മനസ്സിൽ കഴിഞ്ഞ മൂന്നു കൊല്ലത്തിന്റെ ഒരു ചിത്രം രൂപപ്പെട്ടുവന്നു. ഞങ്ങൾ സങ്കല്പിച്ചതിലും വളരെയേറെ ഇവിടെ സംഭവിച്ചിട്ടുണ്ടെന്നു ഞാൻ കണ്ടു – മറ്റുള്ളവരും അങ്ങനെ കണ്ടിട്ടുണ്ട്. ഈ മൂന്നുകൊല്ലം നമ്മുടെ ജനങ്ങൾക്കു കനത്ത യാതനകളുടെ ഒരു കാലമായിരുന്നു. ഞങ്ങൾ കണ്ട ഓരോ ആളുടെയും മുഖത്ത് അതിന്റെ പാടു പതിഞ്ഞുകിടന്നു. ഇന്ത്യ മാറിക്കഴിഞ്ഞിരിക്കുന്നു. ഉപരിതലത്തിൽ പുറമേ കാണുന്ന ശാന്തതയുടെ അടിയിൽ സംശയവും ചോദ്യവുമുണ്ട്, വ്യർത്ഥതാബോധവും അമർഷവുമുണ്ട്, അമർത്തിവെയ്ക്കപ്പെട്ട ഒരു സംക്ഷോഭമുണ്ട്. ഞങ്ങളുടെ വിമുക്തിയോടും സംഭവങ്ങൾക്കുണ്ടായ പരിവർത്തനത്തോടും കൂടി, രംഗത്തിലൊരു മാറ്റം വന്നുചേർന്നു. മിനുപ്പേറിയ ഉപരിതലം ഒന്നു ചുളുങ്ങി, വിള്ളലുകൾ പ്രത്യക്ഷപ്പെട്ടു. ക്ഷോഭാകുലതയുടെ തരംഗങ്ങൾ നാട്ടിൽ നെടുനീളം സഞ്ചരിച്ചു. മൂന്നു കൊല്ലത്തെ അടക്കിവെയ്ക്കലിന്നുശേഷം ജനങ്ങൾ ആ പുറംതോട് പൊട്ടിച്ചുപുറത്തുവന്നു. അത്ര വലിയ ആൾക്കൂട്ടങ്ങളെ, അങ്ങനെ മത്തുപിടിച്ച ക്ഷോഭസംകുലതയെ, ജനങ്ങൾക്കു തങ്ങളെത്തന്നെ വിമുക്തരാക്കാനുള്ള അത്തരം ആവേശഭരിതമായ അഭിലാഷത്തെ, ഞാൻ മുമ്പൊരിക്കലും കണ്ടിട്ടില്ല. ചെറുപ്പക്കാരായ സ്ത്രീപുരുഷന്മാർ, ബാലരും ബാലികമാരും എല്ലാം, എന്തെങ്കിലും ചെയ്യാനുള്ള അന്തശ്ചോദനത്താൽ – തങ്ങളെന്തു ചെയ്യണമെന്ന് അവർക്കു സ്പഷ്ടമല്ലെങ്കിലും – തീപ്പിടിച്ച നിലയിലായിരുന്നു.

യുദ്ധം അവസാനിച്ചു; അണുബോംബായിത്തീർന്നു പുതിയ യുഗത്തിന്റെ പ്രതിരൂപം. ഈ ബോംബിന്റെ പ്രയോഗവും ശാക്തികരാജ്യതന്ത്രത്തിന്റെ കുടിലരീതികളും, കൂടുതൽ വ്യാമോഹവിമുക്തിയുണ്ടാക്കി. പഴയ സാമ്രാജ്യങ്ങൾ പിന്നേയും പ്രവർത്തിച്ചു പോന്നു; ഇന്തോനേഷ്യയിലേയും ഇന്തോ-ചീനയിലേയും സംഭവങ്ങൾ രംഗത്തിന്റെ ഭയാനകതയ്ക്കു മാറ്റുകൂട്ടുകയും ചെയ്തു. സ്വതന്ത്രരാവാൻ പാടുപെടുന്ന ജനങ്ങൾക്കെതിരായി ഈ രണ്ടു രാജ്യങ്ങളിലും ഇന്ത്യൻ പട്ടാളക്കാരെ ഉപയോഗപ്പെടുത്തിയത്, നമ്മുടെ നിസ്സഹായതയാൽ നാണക്കേടും, ഒരു ഒടുങ്ങാത്ത അമർഷവും കാലുഷ്യവും നമ്മളിൽ ഉണ്ടാക്കിത്തീർത്തു. നാട്ടിന്റെ മനോഗതിയ്ക്കു കടുപ്പം കൂടിക്കൊണ്ടേവന്നു.

യുദ്ധവർഷങ്ങളിൽ ബർമ്മയിലും മലയയിലും രൂപവത്കരിക്കപ്പെട്ട ഇന്ത്യൻ ദേശീയസേനയുടെ കഥ പെട്ടെന്നു നാടുനീളെ പരക്കുകയും വിസ്മയാവഹമായ ഒരാവേശം ഉല്പാദിപ്പിക്കുകയും ചെയ്തു. അതിലെ ചില ഉദ്യോഗസ്ഥന്മാരെ പട്ടാളക്കോടതി വിചാരണ ചെയ്തത് മറ്റൊന്നിന്നും സാധിച്ചിട്ടില്ലാത്ത വിധം, അത്രയധികം നാട്ടിനെ ഉദ്ദീപിപ്പിച്ചു. അവർ സ്വാതന്ത്ര്യത്തിന്നുവേണ്ടി പോരാടുന്ന ഇന്ത്യയുടെ പ്രതിരൂപങ്ങളായിത്തീർന്നു. ഇന്ത്യയിലെ നാനാ മതസമൂഹങ്ങൾ തമ്മിലുള്ള ഐക്യത്തിന്റെയും പ്രതിരൂപങ്ങളായി അവർ: എന്തുകൊണ്ടെന്നാൽ, ആ സേന ഹിന്ദുവിന്റെയും മുസ്ലിമിന്റെയും സിക്കിന്റെയും ക്രിസ്ത്യാനിയുടെയും എല്ലാം പ്രാതിനിധ്യം വഹിക്കുന്ന ഒന്നായിരുന്നു. അവർ അവരുടെ ഇടയിൽ വർഗീയപ്രശ്നത്തെ പരിഹരിച്ചിരുന്നു; അപ്പോൾ നമുക്കെന്തുകൊണ്ട് അങ്ങനെ ചെയ്തുകൂടാ!

ഇന്ത്യയിൽ നമുക്കു പൊതുതിരഞ്ഞെടുപ്പുകൾ അത്യാസന്നമായിരിക്കുകയാണ്. ഈ തിരഞ്ഞെടുപ്പുകളിൽ ശ്രദ്ധ ലയിക്കും. പക്ഷേ, തിരഞ്ഞെടുപ്പുകൾ താമസിയാതെ കഴിയുമല്ലോ – പിന്നെയോ? വരുംകൊല്ലം സംക്ഷോഭവും കുഴപ്പവും സംഘർഷവും കോലാഹലവും നിറഞ്ഞ ഒന്നാവാനാണിടയുള്ളത്. ഇന്ത്യയിലാകട്ടെ, മറ്റെവിടെയെങ്കിലുമാകട്ടെ, ശാന്തിയെന്നതുണ്ടാവാൻ പോകുന്നില്ല – സ്വാതന്ത്ര്യത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടല്ലാതെ.

❑